**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **30-07-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി സബ് ഡിവിഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകൾ നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഇറിഗേഷൻ, മൈനർ ഇറിഗേഷൻ,വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് നിലവിലുണ്ട്. വെള്ളരിക്കുണ്ട് താലൂക്കിൽ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വാട്ടർ അതോറിറ്റിയിൽ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാസർഗോഡ് സബ് ഡിവിഷന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാഞ്ഞങ്ങാട് സബ് ഡിവിഷന്റെ പരിധിയിലുമാണ് ഉൾപ്പെടുന്നത്. ജല അതോറിറ്റിയുടെ കാര്യാലയങ്ങൾ ജലവിതരണ പദ്ധതിപ്രവർത്തനങ്ങളുടെ ആവശ്യകത അനുസരിച്ചാണ് നിശ്ചയിക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലല്ല. സാങ്കേതിക ആവശ്യകതകൾ കണക്കിലെടുക്കുമ്പോൾ ജല അതോറിറ്റിക്ക് ഇപ്പോൾ പുതിയ കാര്യാലയങ്ങൾ തുടങ്ങേണ്ട ആവശ്യകത നിലവിലില്ല. |
| (ബി) | ഈ ഓഫീസുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് നിലവിലുണ്ട്. വെള്ളരിക്കുണ്ട് താലൂക്കിൽ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വാട്ടർ അതോറിറ്റിയിൽ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാസർഗോഡ് സബ് ഡിവിഷന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്കിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാഞ്ഞങ്ങാട് സബ് ഡിവിഷന്റെ പരിധിയിലുമാണ് ഉൾപ്പെടുന്നത്. ജല അതോറിറ്റിയുടെ കാര്യാലയങ്ങൾ ജലവിതരണ പദ്ധതിപ്രവർത്തനങ്ങളുടെ ആവശ്യകത അനുസരിച്ചാണ് നിശ്ചയിക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലല്ല. സാങ്കേതിക ആവശ്യകതകൾ |

| | | | |
|---|---|---|---|
| | | | കണക്കിലെടുക്കുമ്പോൾ ജല അതോറിറ്റിക്ക് ഇപ്പോൾ പുതിയ കാര്യാലയങ്ങൾ തുടങ്ങേണ്ട ആവശ്യകത നിലവിലില്ല. |

സെക്ഷൻ ഓഫീസർ